# Desabhimani
# 30 August 2018
# Kochi; School Reopen after Flood

## പ്രളയപാഠങ്ങൾ പങ്കിട്ട് സ്കൂളുകളിൽ ആദ്യദിനം



ലോയ്ഡ് താൻ വരച്ച ചിത്രവുമായി

**ജിബിന എ എസ്**

**കൊച്ചി**

"ഇവരെയൊക്കെ ഇനി കാണാൻ പറ്റ്വോന്ന് ഒരു പ്രതീക്ഷം ഉണ്ടായിരുന്നില്ല. വെള്ളം കൂടുമ്പോൾ മരിച്ചു പോവുമോയെന്ന് പേടിയായിരുന്നു... പക്ഷേ, അങ്ങനെയൊന്നും സംഭവിച്ചില്ല." ആറാം ക്ലാസുകാരി പ്രിയയുടെ ചുണ്ടിൽ ആശ്വാസത്തിന്റെ പുഞ്ചിരി. കാലടി ഗവ. യുപി സ്കൂളിലെ വിദ്യാർഥിനിയായ പ്രിയയുടെ പ്രിയപ്പെട്ട പുസ്തകങ്ങളും പാഠപുസ്തകങ്ങളും യൂണിഫോമും കളിപ്പാട്ടങ്ങളുമെല്ലാം നശിച്ചു. സ്കൂളിലെ പാചകത്തൊഴിലാളിയായ ഷീബയുടെ മകളാണ് പ്രിയ. മകൾക്ക് വായിക്കാൻ അമ്മ നൂറോളം പുസ്തകങ്ങൾ വാങ്ങി നൽകിയിരുന്നു. ആ പുസ്തകങ്ങൾ കൊണ്ടൊരുക്കിയ കുട്ടി ലൈബ്രറി വെള്ളപ്പാച്ചിലിൽ തകർന്നടിഞ്ഞതാണ് പ്രിയയെ ഏറ്റവും കൂടുതൽ തളർത്തിയത്. "പുസ്തകങ്ങൾ ഇനിയും വാങ്ങാല്ലോ... ഇനിയും ലൈബ്രറി ഒരുക്കാമല്ലോ..." എന്ന് അമ്മയും അധ്യാപകരും ആശ്വസിപ്പിച്ചു.

അമ്മയ്ക്കും അമ്മൂമ്മയ്ക്കുമൊപ്പം മാണിക്യമംഗലത്താണ് പ്രിയയുടെ താമസം. ജനലറ്റംവരെ വെള്ളമെത്തിയതോടെ സമീപത്തെ എൻഎസ്എസ് സ്കൂളിലേക്ക് എല്ലാവരും മാറി. വൈകാതെ അവിടെയും വെള്ളം കയറി. അപ്പോൾ സെന്റ് ക്ലെയിൻസ് സ്കൂളിലേക്കു പോയി. മഹാപ്രളയദിനങ്ങളിൽ അവിടെയായിരുന്നു. അവിടേക്കും വെള്ളമെത്തുമോയെന്ന പേടിയായിരുന്നു. എന്ത് പോയാലും... ജീവൻ കിട്ടിയല്ലോ... എന്ന ആശ്വാസവും പ്രിയ മറച്ചുപിടിച്ചില്ല.

വീടിന്റെ താഴത്തെനിലയിൽ വെള്ളം കയറിയതോടെ മുകളിലത്തെ നിലയിലായിരുന്നു ലോയിഡും കുടുംബവും. വെള്ളത്തിന്റെ കയറ്റമേറിയതോടെ ചിത്രം വരയ്ക്കാനാണ് ലോയിഡിന് തോന്നിയത്. മേഘങ്ങൾക്ക് കറുത്തനിറം നൽകി, സകലതും വെള്ളത്തിൽ മുങ്ങിനിൽക്കുന്ന ചിത്രം വരച്ചു. ആ ചിത്രവുമായാണ് ലോയിഡ് സ്കൂളിലേക്കെത്തിയത്. ചിത്രം കാണാൻ കൂട്ടുകാർ ചുറ്റുംകൂടി. "പ്രളയമേഘങ്ങൾക്ക് കറുത്തനിറം നൽകിയത് നന്നായി"യെന്ന് അഭിനന്ദിച്ച് അധ്യാപകർ. "പാഠപുസ്തകങ്ങളൊക്കെ വെള്ളത്തിൽ പായസംപോലെയായി' എന്ന് ആറാംക്ലാസുകാരൻ ആകാശിന്റെ കമന്റ് ചിരിപടർത്തി.

അവധിക്കുശേഷമുള്ള ആദ്യദിനം പ്രളയവിശേഷങ്ങൾതന്നെയാണ് സ്കൂളുകളിൽ നിറഞ്ഞുനിന്നത്. വീട്ടിലേക്ക് വെള്ളപ്പാച്ചിലെത്തിയതും വഞ്ചിയിലും ചങ്ങാടത്തിലും ക്യാമ്പുകളിലേക്കെത്തിയതും കളിവഞ്ചിയുണ്ടാക്കി കളിച്ചതുമെല്ലാം ഭാവപ്രകടനങ്ങളോടെ കുട്ടികൾ വിവരിച്ചു.

കാലടി ഗവ. യുപി സ്കൂളും ദുരിതാശ്വാസക്യാമ്പായിരുന്നു. ജനലറ്റംവരെ വെള്ളം കയറിയപ്പോൾ ഒന്നാംനിലയിലാണ് അന്തേവാസികൾ കഴിഞ്ഞിരുന്നത്. വെള്ളംകയറി സ്കൂളിലെ മൂന്നൂറോളം പുസ്തകങ്ങൾ നശിച്ചു. അറ്റൻഡൻസ് ബുക്കും സർവീസ്ബുക്കും പെൻഷൻബുക്കുമെല്ലാം നശിച്ചു. കുട്ടികൾക്ക് കയറിയിരിക്കാമെങ്കിലും സ്കൂൾ മുഴുവനായും വൃത്തിയായിട്ടില്ല. ക്ലാസുകളിലെത്തി കുട്ടികളോട് സ്നേഹപൂർവം പ്രളയത്തെക്കുറിച്ച് തിരക്കിയശേഷം അധ്യാപകർ ശ്യാമളടീച്ചറുടെ നേതൃത്വത്തിൽ സ്കൂളിന്റെ ശേഷിക്കുന്ന ശുചീകരണം പൂർത്തിയാക്കാനുള്ള ശ്രമത്തിലായിരുന്നു. കുട്ടികളുടേതുമാത്രമല്ല സ്കൂളിലെ മിക്ക അധ്യാപകരുടെ വീടുകളും പ്രളയത്തിൽ മുങ്ങി. ഇതിനിടെ, അധ്യാപികയായ ലിതയുടെ ഭർത്താവ് കർണാടകത്തിൽ അപകടത്തിൽ മരിച്ചതും വീടിന്റെ മുകളിൽ വെള്ളം കയറിയതിനാൽ മൃതദേഹം എട്ടു ദിവസം സൂക്ഷിക്കേണ്ടിവന്നതുമെല്ലാം സ്കൂളിനെ ദുഃഖത്തിലാക്കി. എങ്കിലും "ആ സമയം കടന്നുപോയി.. ഇനി അതിജീവനത്തിന്റെ നാളുകളാണ്..." എന്നുപറഞ്ഞ് കുട്ടികളിൽ ആത്മവിശ്വാസം പകരാനുള്ള ശ്രമത്തിലാണ് അധ്യാപകർ.